പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4722 28.06.2013-ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിൽ പൊതുശ്മശാനം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞഹമ്മത് മാസ്റ്റർ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ പൊതുശ്മശാനം ഉണ്ട്; വ്യക്തമാക്കുമോ ; | (എ) | 483 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം ഉണ്ട്. |
| (ബി) | മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതിന് മതിയായ ഭൂമി പല സ്ഥലത്തും ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | ഈ വസ്തുത കണക്കിലെടുത്ത് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഉപയോഗിക്കാൻ കഴിയുന്ന പൊതുശ്മശാനങ്ങൾ എല്ലാ പഞ്ചായത്തുകളിലും സമയബന്ധിതമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (സി) | ഓരോ ഗ്രാമപഞ്ചായത്തിലും പൊതുശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 12-)o പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാന നിർമ്മാണത്തിന് 11 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് 550 ലക്ഷം രൂപ സർക്കാർ ധനസഹായമായി അനുവദിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ